

## കോട്ടയം മെത്രാസന മന്ദിരത്തിലെ

# മാർ ചൂളപ്പറമ്പിൽ – ഗാന്ധിജി കൂടിക്കാഴ്ച






**അ**ഹിംസയുടെ പ്രവാചകന് ക്നാനായ സമുദായം നല്കിയ വീരോചിത സ്വീകരണം, ഓരോ ക്നാനായക്കാരനും അഭിമാനത്തിന്റെ നിമിഷങ്ങളാണ്. വൈക്കം സത്യാഗ്രഹ സമരത്തിൽ സംബന്ധിക്കാനായി വന്ന മഹാത്മാഗാന്ധി, കേരളത്തിലുടനീളം നടത്തിയ സന്ദർശനത്തിലാണ്, കോട്ടയം മെത്രാസന മന്ദിരത്തിലെത്തി ക്നാനായക്കാരുടെ ദ്വിതീയ മെത്രാനായിരുന്ന മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവുമായി കൂടിക്കാഴ്ച നടത്തിയത്. ഗാന്ധിജി പിതാവിനെ കാണണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചതിനെതുടർന്ന് 1925 മാർച്ച് 15-ന് വൈകുന്നേരം ആറുമണിക്കുശേഷമായിരുന്നു ബിഷപ് ഹൗസിൽ എത്തിയത്. മഹാത്മജിയുടെ കോട്ടയം സന്ദർശനത്തിന്റെ പൂർണമായ റിപ്പോർട്ട്, അപ്നാദേശിന്റെ ആദ്യപതിപ്പായ കോട്ടയം പത്രികയുടെ 1925 മാർച്ച് 18-ന്റെ ലക്കത്തിൽ വിശദമായി പ്രതിപാദിക്കുന്നു.


കോട്ടയം പത്രിക

THE KOTTAYAM PATHRIKA.

PUBLISHED EVERY WEDNESDAY.

മഹാത്മജിയുടെ കോട്ടയം സന്ദർശനം.

### മഹാത്മജിയുടെ കോട്ടയം സന്ദർശനം

“മഹാത്മാഗാന്ധി കോട്ടയത്ത് വരുന്നുണ്ടെന്ന് അറിഞ്ഞ മാത്രയിൽ ഇദ്വിഗ്വാസികൾക്കുണ്ടായ സന്തോഷം അപരിമിതമായിരുന്നു. അദ്ദേഹത്തെ വളരെ ബഹുമാനപൂർവം സ്വീകരിക്കുന്നതിനുവേണ്ട എല്ലാ ചട്ടവട്ടങ്ങളും ഇതിനായി നിയമിക്കപ്പെട്ട കമ്മറ്റിക്കാർ നിർവഹിച്ചുകഴിഞ്ഞു. തിരുനക്കര മൈതാനത്തിന്റെ കിഴക്കുവശത്തായി ഒരു പന്തലിട്ട്, അതിൽ പ്ലാറ്റുഫോറം തയ്യാറാക്കുകയും അതിന്റെ എല്ലാ ഭാഗങ്ങളും തോരണംകൊണ്ട് മോടിപിടിപ്പിക്കുകയും ചെയ്തിരുന്നു. മഹാത്മജി സ്പെഷ്യൽ കാറിൽ കൊട്ടാരക്കരയിൽനിന്ന് ചെങ്ങന്നൂർ, തിരുവല്ല, ചങ്ങനാശേരി മുതലായ സ്ഥലങ്ങൾ സന്ദർശിച്ച് കഴിഞ്ഞ്, ഞായറാഴ്ച അഞ്ചരമണിയോടുകൂടി ഈ പട്ടണത്തിന്റെ തെക്കേ അതിർത്തിയായ കോടിമത പാലത്തുങ്കൽ എത്തുകയും മുനിസിപ്പൽ വൈസ്പ്രസിഡന്റ് സി. എസ്. ലക്ഷ്മണപിള്ള ബി.എ., ബി.എൽ അവർകളും എം.ടി. സെമിനാരി ഹെഡ്മാസ്റ്റർ കെ.കെ. കുരുവിള എം.എ. ബി.എഡ് അവർകളുംകൂടി അവിടെവച്ച് അദ്ദേഹത്തെ സ്വീകരിക്കുകയും ഹാരമണിയിക്കുകയും ചെയ്തു. ഇദ്ദേഹത്തോടൊരുമിച്ച് സി. രാജഗോപാലാചാരി, രാമദാസ് ഗാന്ധി, മഹാദേവദേശായി തുടങ്ങിയ ദേശാഭിമാനികൾകൂടി ഉണ്ടായിരുന്നു. ഇവർ ഇവിടെനിന്ന് പുറപ്പെട്ട് കൈതാരം മി. നാരായണ അയ്യരുടെ വസതിയിലെത്തുകയും മഹാത്മജി ലഘുഭക്ഷണം കഴിഞ്ഞ്, ഉദ്ദേശം അരമണിക്കൂറോളം വിശ്രമം കഴിഞ്ഞ്, അവിടെനിന്ന് കാൽനടയായി മൈതാനിയിലേക്ക് വരുകയും ചെയ്തു. ഈ സമയം വിസ്തീർണമായ മൈതാനവും പരിസരപ്രദേശങ്ങളും, ആബാലവൃദ്ധം ജനങ്ങളെക്കൊണ്ട് നിബിഡീകൃതമായിരുന്നു. മഹാത്മജി വരുന്നു എന്ന് കേട്ട മാത്രയിൽ അവിടെയുണ്ടായിരുന്ന തിക്കും തിരക്കും അവർണനീയമായിരുന്നു. ഇദ്ദേഹം ഒരു ഖദർ മുണ്ട് മുട്ടിനു മീതെയായി തറ്റുടുത്തിട്ട്, നൂൽ നൂൽക്കുന്നതിനുവേണ്ട സാമാനങ്ങൾ ഒരു ഖദർ തുണിയിൽ പൊതിഞ്ഞിട്ടുള്ളത് കൈയിൽ വഹിച്ചിട്ടുള്ളതല്ലാതെ, ദേഹത്ത് യാതൊന്നും ധരിച്ചിരുന്നില്ല. മഹാത്മജി പന്തലിലേക്ക് വന്നയുടനെ പ്ലാറ്റ്ഫോറത്തിൽ ഇട്ടിരുന്ന മേശയിൽ ഇരുന്നു. ഈ സമയംവരെ മഹാത്മാഗാന്ധി കീജയ് എന്ന മംഗളധ്വനി തുടർന്നുകൊണ്ടിരുന്നു. മി. കുരുവിള നിശബ്ദം എന്ന് പറഞ്ഞപ്പോൾ എല്ലാവരും മൗനമായി. അനന്തരം പൊതുജനങ്ങളുടെ വകയായ ഒരു മംഗളപത്രം ഇംഗ്ലീഷിൽ തയാറാക്കപ്പെട്ടിരുന്നത് മുനിസിപ്പൽ വൈസ് പ്രസിഡന്റ് ലക്ഷ്മണൻപിള്ളയും അതിന്റെ മലയാള തർജമ മുനിസിപ്പാലിറ്റി മെംബർ വക്കീൽ മി. പി.കെ. കുര്യനും വായിക്കുകയും ഖദർ വസ്ത്രത്തിൽ അച്ചടിക്കപ്പെട്ടിരുന്ന ഒരു പ്രതി അദ്ദേഹത്തിനു സമർപ്പിക്കുകയും ചെയ്തു. ഇതോടുകൂടി ഏറ്റുമാനൂർ ഹിന്ദി വിദ്യാർത്ഥികളുടെ വകയായി ഒരു ഹിന്ദി മംഗളപത്രവും സമർപ്പിക്കുകയുണ്ടായി. മഹാത്മജി ഇത് സ്വീകരിച്ചത്, എഴുന്നേറ്റുനിന്ന് വളരെ ബഹുമാനപൂർവമായിരുന്നു. അനന്തരം മഹാത്മജിയും, മംഗളപത്രത്തിനു മറുപടിയായി വിജ്ഞാനപ്രദവും കാര്യസമ്പൂർണവുമായ ഒരു പ്രസംഗം ചെയ്യുകയും അത് മി. കെ.കെ. കുരുവിള മലയാളത്തിൽ പരിഭാഷപ്പെടുത്തി പൊതുജനങ്ങളെ മനസിലാക്കുകയും ചെയ്തു. ഇത്രയും കഴിഞ്ഞയുടനെ ഒരു മുഹമ്മദ് മാന്യൻ മഹാത്മജിയെ ഹാരമണിയിച്ചു. അനന്തരം മൈതാനത്തുനിന്ന് കാറിൽ കയറി കോട്ടയം ബിഷപ് ഡോ. ചൂളപ്പറമ്പിൽ അവർകളെ അദ്ദേഹത്തിന്റെ വസതിയിൽ വച്ച് സന്ദർശിക്കുവാൻ സമ്മതിച്ചിരുന്നതനുസരിച്ച് അവിടേക്ക് പുറപ്പെട്ടു. ബിഷപ് അവർകൾ മഹാത്മജിയെ പൂമുഖത്തുവച്ചുതന്നെ സ്വീകരിച്ച് അലങ്കരിച്ചിരുന്ന ഹാളിലേക്ക് കൂട്ടിക്കൊണ്ടുപോയി. സി. രാജഗോപാലാചാരി അവർകളും മി. കെ.കെ. കുരുവിള മുതലായവരും കൂട്ടത്തിലുണ്ടായിരുന്നു. എല്ലാവരും ആസന്നസ്ഥരായി. പല വിഷയങ്ങളെയുംപറ്റി മഹാത്മജിയും ബിഷപ്പും സംഭാഷണം ചെയ്യുകയും സമുദായോദ്ധാരണത്തിനും അധ:കൃതവർഗങ്ങളുടെ ഉന്നമനത്തിനുംവേണ്ടി മഹാത്മജി ചെയ്യുന്ന പരിശ്രമങ്ങളിൽ തനിക്കുള്ള അഭിനന്ദനത്തെ ബിഷപ് പ്രദർശിപ്പിക്കുകയും ചെയ്തു. ഉദ്ദേശം പതിനഞ്ചുമിനിട്ടുവരെ അവടെ താമസിച്ചശേഷം അവിടെനിന്ന് മി. കെ.കെ. കുരുവിളയുടെ വസതിയിലേക്ക് പോയി. അവിടെവച്ച് കഞ്ഞിക്കുഴി വിദ്യാർത്ഥി സംഘത്തിന്റെ ആഭിമുഖ്യത്തിൽ, യാചകൻമാരെ ഉദ്ദേശിച്ച് നടത്തിവരുന്ന നെയ്ത്തുശാലയിൽ ഉണ്ടാക്കിയിട്ടുള്ള ഖദർ വസ്ത്രം മഹാത്മജിക്ക് സമ്മാനിച്ചു. അവിടെനിന്ന് തിരികെ വരുന്ന വഴിക്ക് ബിഷപ് ചൂളപ്പറമ്പിൽ അവർകൾ തന്റെ അരമനയുടെ ഗേറ്റിങ്കൽ വച്ച് പ്രതിസന്ദർശനം നടത്തുകയും യാത്ര പറഞ്ഞ് പിരിയുകയും ചെയ്തു. മഹാത്മജി വീണ്ടും മി. നാരായണ അയ്യരുടെ വസതിയിൽപ്പോയി യാത്രപറഞ്ഞ് ഒൻപതുമണിയോടുകൂടി പ്രത്യേക കാർ മാർഗം വൈക്കത്തേക്ക് പോയി.”



അസോസിയേ